പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 292      29.1.2014-ന് മറുപടിക്ക്

## നഗരവികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ശശി<br>,, പി. തിലോത്തമൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി) |
| എ) നഗരവികസന പദ്ധതികളായ ബേസിക് സർവ്വീസ് ടു അർബൻ പൂവർ, പോവർട്ടി സോഷ്യൽ ഫണ്ട് , സ്റ്റോംവാട്ടർ ഡ്രെയിനേജ്, സിറ്റി മൊബിലിറ്റി പ്ലാൻ, ടാക്സ്മാപ്പിംഗ് തുടങ്ങിയ പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണ്; ഓരോ പദ്ധതിയുടെയും ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ; | എ) 1)ബേസിക് സർവ്വീസസ് ടു അർബൻ പൂവർ (ബിഎസ്‌യുപി) എന്ന കേന്ദ്രാവിഷ്കൃത ഭവന പദ്ധതിയിൽ ആകെ അനുവദിച്ചിട്ടുള്ള 22257 പുതിയ വീടുകളിൽ 16328 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും അതിൽ 13715 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. പുനരുദ്ധാരണം നടത്തേണ്ട 1320 വീടുകളിൽ 727 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും അതിൽ 631 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. ആകെ പദ്ധതി തുകയായ 343.67 കോടി രൂപയിൽ 206.59 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br>മഹാനഗരങ്ങളിലെ ചേരികളിൽ താമസിക്കുന്ന പാവപ്പെട്ടവർക്ക് അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.<br>2) ***പോവർട്ടി സോഷ്യൽഫണ്ട്.***<br>നഗരത്തിലും നഗരപ്രാന്തപ്രദേശങ്ങളിലും താമസിക്കുന്ന ദാരിദ്ര്യ ദുരിതമനുഭവിക്കുന്ന ജനവിഭാഗത്തിന്റെ സാമ്പത്തിക സാമൂഹിക ഉന്നമനമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. വിവിധ പദ്ധതികളായ വഴിയോരക്കച്ചവടക്കാരെ പുനരധിവസിപ്പിക്കൽ, മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്ന പദ്ധതികൾ, സ്വയം തൊഴിൽ ഉറപ്പാക്കാനുള്ള വിവിധയിനം |

പരിശീലന പരിപാടികൾ തുടങ്ങിയവയിലൂടെ കേരളത്തിലെ അഞ്ചു കോർപ്പറേഷൻ മുഖേന (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്) 57971 പേർക്ക് ഇതിനോടകം ആനുകൂല്യം നൽകിയിട്ടുണ്ട്. കൂടുതൽ ഗുണഭോക്താക്കളെ ഈ പദ്ധതിയിൻകീഴിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

3) ***സ്റ്റോംവാട്ടർ ഡ്രെയിനേജ്***

നഗരങ്ങളിലെ വെള്ളക്കെട്ടിന് ശാശ്വത പരിഹാരം കാണുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

തിരുവനന്തപുരംനഗരത്തിലെ വെള്ളക്കെട്ട് നിയന്ത്രിക്കുന്നതിന് വേണ്ടി 9.37 കോടി രൂപയുടെ പദ്ധതി രൂപീകരിച്ചു പണി പുരോഗതിയിലാണ്. കൊല്ലം നഗരത്തിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിനായി ഒന്നാംഘട്ടത്തിൽ 2.63 കോടി രൂപയുടെ പദ്ധതികളും രണ്ടാംഘട്ടത്തിൽ 6.30 കോടി രൂപയുടെ പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 8.34 കോടി രൂപയുടെ പദ്ധതി ടെണ്ടർ ചെയ്ത് സർക്കാർ അംഗീകരിച്ചു. കേന്ദ്രസർക്കാരിന്റെ അനുമതി കിട്ടിയാലുടൻ പണി ആരംഭിക്കുന്നതാണ്. കൊച്ചിനഗരത്തിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനു വേണ്ടി 11.00 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. തൃശൂർനഗരത്തിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി രണ്ടു പദ്ധതികൾ കരാർ നൽകി പണി പ്രാരംഭഘട്ടത്തിലാണ്. (അടങ്കൽ തുക 24.70 കോടി രൂപ).കോഴിക്കോട് നഗരത്തിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനു വേണ്ടി 6.00 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. രണ്ടാംഘട്ടത്തിനായി 14.15 കോടി രൂപ അടങ്കൽ തുകയുള്ള പാക്കേജ് കരാർ നൽകി പണി പ്രാരംഭ ഘട്ടത്തിലാണ്.

4) **സിറ്റി മൊബിലിറ്റി പ്ലാൻ**

നാല് ഘട്ടങ്ങളിലായി 60 കി.മീ. ഔട്ടർ റിംഗ് റോഡ് ഉൾപ്പെടെ 265 കി.മീ. റോഡ് വികസനം ലക്ഷ്യമിട്ടു കൊണ്ടുള്ള പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

5) **ടാക്സ് മാപ്പിംഗ്**
സംസ്ഥാനത്തെ അഞ്ചു മുനിസിപ്പൽ കോർപ്പറേഷനുകളിലേയും സേവന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നതായിരുന്നു ഈ പദ്ധതിയുടെ ലക്ഷ്യം. എന്നാൽ കരാറുകാരന്റെ അനാസ്ഥ കാരണം പദ്ധതി പൂർത്തീകരിക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

ബി) പ്രസ്തുത പദ്ധതികൾക്കായുള്ള ഫണ്ട് സ്വരൂപിച്ചത് എങ്ങനെയാണ്; ഇതിൽ ലോകബാങ്കിൽ നിന്നും എന്തു തുക വായ്പയെടുത്തു; പലിശയിനത്തിൽ ഇതു വരെ എന്തു തുക നൽകി; വ്യക്തമാക്കുമോ;

ബി) ബിഎസ്‌യുപി പദ്ധതിയിൽ തിരുവനന്തപുരം നഗരസഭയിൽ 80% കേന്ദ്രവിഹിതവും ബാക്കി 20% സംസ്ഥാന-നഗരസഭാ- ഗുണഭോക്തൃ വിഹിതവുമാണ്. കൊച്ചി നഗരസഭയിൽ 50% കേന്ദ്രവിഹിതവും, 30% സംസ്ഥാന വിഹിതവും, ബാക്കി 20% നഗരസഭാ-ഗുണഭോക്തൃ വിഹിതവുമാണ്.
**പോവർട്ടി സോഷ്യൽ ഫണ്ട്** പദ്ധതിക്ക് എഡിബി വായ്പയായി 10.5 കോടി രൂപയും , സംസ്ഥാന/ നഗരസഭ വിഹിതമായി 4.64 കോടി രൂപയുമാണ് അനുവദിച്ചിരിക്കുന്നത്.
**സ്റ്റോംവാട്ടർ ഡ്രെയിനേജ്** പദ്ധതിയ്ക്ക് എഡിബി വായ്പയായി 61.36 കോടി രൂപയും സംസ്ഥാന/ നഗരസഭ വിഹിതമായി 13.47 കോടി രൂപയുമാണ് അനുവദിച്ചിരിക്കുന്നത്.
**ടാക്സ് മാപ്പിംഗ്** പദ്ധതിയ്ക്ക് എഡിബി വായ്പയായി 2.7 കോടി രൂപയും സംസ്ഥാന/ നഗരസഭ വിഹിതമായി 0.76 കോടി രൂപയുമാണ് അനുവദിച്ചിരിക്കുന്നത്.
വിവിധ പദ്ധതികൾക്കായി ലഭിച്ച വായ്പയ്ക്ക് പലിശയായി 83 ലക്ഷം രൂപ എഡിബിയ്ക്ക് നൽകിയിട്ടുണ്ട്.
ഈ പദ്ധതികൾക്കൊന്നും ലോക ബാങ്ക് സഹായം സ്വീകരിച്ചിട്ടില്ല.

സി) ഈ പദ്ധതികൾ എത്ര കാലത്തിനുള്ളിൽ ലക്ഷ്യം കൈവരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്നറിയിക്കുമോ?

സി) ബിഎസ്‌യുപി പദ്ധതി 2015 മാർച്ച് മാസത്തോടു കൂടി പൂർത്തീകരിക്കണമെന്നാണ് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ളത്. മറ്റ് പദ്ധതികൾ 2015 ഡിസംബറോടു കൂടി ലക്ഷ്യം കൈവരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സെക്ഷൻ ഓഫീസർ